ഉത്തരം

(എ&ബി) ബി.ആർ.ഡി.സി.ക്കുകീഴിൽ സ്വകാര്യ സംരംഭകർക്ക് പാട്ടക്കരാർ വ്യവസ്ഥയിൽ നൽകിയ 6 റിസോർട്ട് സൈറ്റുകളാണുള്ളത്.

1. സൈറ്റ് നമ്പർ 1-ജോയ്സ് എന്റർപ്രൈസസ്സ്-33.39 ഏക്കർ
2. സൈറ്റ് നമ്പർ 2-ഗ്രീൻ ഗേറ്റ് വേലിഷർ ലിമിറ്റഡ്-57.43 ഏക്കർ
3. സൈറ്റ് നമ്പർ 4-ഗ്ലോബ് ഹോട്ടൽസ് & എന്റർടെയ്ൻമെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ്-32.71 ഏക്കർ
4. സൈറ്റ് നമ്പർ 5-ഖന്ന ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ്-23.80 ഏക്കർ
5. സൈറ്റ് നമ്പർ 6-ഭാരത് ഹോട്ടൽസ് ലിമിറ്റഡ്-25.56 ഏക്കർ
6. സൈറ്റ് നമ്പർ 7-ഹോളിഡേ ബേക്കൽ റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ്-31.93 ഏക്കർ

(സി&ഡി) ബി.ആർ.ഡി.സി.ക്കുകീഴിൽ റിസോർട്ടുകളൊന്നുംതന്നെ സർക്കാർ ഭൂമി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പാലക്കാട് ജില്ലയിൽ നടത്തിയ അളവുള്ളക പരിശോധന

164 (5249) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 6 മാസത്തിനുിടയിൽ പാലക്കാട് ജില്ലയിൽ അളവുള്ളക ഉദ്യോഗസ്ഥർ എത്ര പരിശോധന നടത്തിയിട്ടുണ്ട്;

(ബി) സ്വർണ്ണക്കടകളിൽ പ്രത്യേക പരിശോധന നടത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത പരിശോധനയുടെ ഫലമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന വ്യക്തമാക്കുമോ ;

(ഡി) ഉപഭോക്താക്കളെയും സാധാരണ ജനങ്ങളെയും ബോധവൽക്കരിക്കുന്നതിന് വകുപ്പ് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കഴിഞ്ഞ 6 മാസത്തിനിടയിൽ പാലക്കാട് ജില്ലയിൽ അളവുള്ളക ഉദ്യോഗസ്ഥർ 1487 പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പരിശോധനയിൽ 5 കേസ്സുകൾ കണ്ടെത്തുകയും 64,000 രൂപ രാജി ഫീസ് ഈടാക്കുകയും ചെയ്തു.

(ഡി) ഉണ്ട്.

കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

165 (5250) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ തൊഴിലാളിക്ഷേമനിധി ബോർഡിന് 2006-07 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെ ഓരോ സാമ്പത്തിക വർഷവും അംഗത്വ അംശദായത്തിൽ ലഭ്യമായ തുക എത്ര ; വ്യക്തമാക്കാമോ ;

(ബി) 2005-06 മുതൽ 2014-15 വരെയുള്ള ഓരോ സാമ്പത്തികവർഷവും സർക്കാർ ഗ്രാന്റായും വായ്പയായും ഓഹരിയായും ക്ഷേമനിധി ബോർഡിന് എത്രതുക വീതം നൽകി വിശദമാക്കുമോ ;

(സി) ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ?

ഉത്തരം

(എ) കയർ തൊഴിലാളിക്ഷേമനിധി ബോർഡിന് 2006-07 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെ അംഗത്വ അംശദായത്തിൽ ലഭ്യമായ തുക ചുവടെ ചേർക്കുന്നു :

2006-07	78,85,691
2007-08	80,69,284
2008-09	80,16,149
2009-10	1,21,62,089
2010-11	90,93,207-
2011-12	1,07,73,376
2012-13	1,19,12,231
2013-14	82,18,336
2014-15	83,03,782

LIBRARY ARCHIVES Kerala Legislative Assembly